ഉത്തരം

(എ&ബി) അരുർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അരുർ വില്ലേജിൽ സർവ്വേ നമ്പർ 36/8-ൽ ഉൾപ്പെട്ട 24 സെന്റ് നിലം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറി നൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചു വരുന്നുണ്ട്. പ്രസ്തുത സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫണ്ടും ഭരണാനുമതിയും നൽകാവുന്നതാണ്.

പോലീസ് സേനയിൽ അംഗബലം വർദ്ധിപ്പിക്കുവാൻ നടപടി

190 (2060) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഇന്റലിജൻസ് റിപ്പോർട്ട് പ്രകാരം കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകൾ മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിനാൽ കെ.എ.പി. നാലാം ബറ്റാലിയന്റെ അംഗബലം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) വർഷം തോറും പോലീസ് സേനകളുടെ അംഗബലം 5% വർദ്ധിപ്പിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നത് പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനുള്ള തടസ്സം എന്താണ് ; വിശദാംശം നൽകുമോ ;

(സി) വിവിധ ബറ്റാലിയനുകളിലായി നിലവിൽ എത്ര പോലീസുകാരുടെ ഒഴിവുകളുണ്ട് ; വിശദാംശം നല്കുമോ ;

(ഡി) പോലീസ് സേനയിൽ പ്രൊമോഷൻ യഥാസമയം നടക്കുന്നില്ല എന്ന പരാതി പരിഹരിക്കുന്നതിനും ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സർക്കാരിന് നൽകിയ ശിപാർശ പരിശോധിച്ചുവരുന്നു.

(സി) ബറ്റാലിയനുകളിൽ നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും പ്രസ്തുത ഒഴിവുകളിലേക്ക് അഡ്വൈസ് ലഭിച്ചിട്ടുള്ളതിനാൽ നിലവിൽ സംസ്ഥാനത്തെ ബറ്റാലിയനുകളിൽ പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ ഒഴിവുകളില്ല.

(ഡി) സീനിയോറിറ്റി സംബന്ധമായുള്ള പരാതികളിൽ ബഹു. കോടതിയിൽ കേസുകളുള്ളതിനാൽ ബഹു. കോടതി തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് മാത്രമേ പ്രൊമോഷനുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly